ട്രേഡ് യൂണിയൻ അംഗീകാര ബില്ല്

26 (*356) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രേഡ് യൂണിയൻ അംഗീകാര ബില്ലിന്റെ കരടുരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സംഘടനകളുമായുള്ള കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഇല്ല. സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്. ട്രേഡ് യൂണിയൻ അംഗീകാരം/കരട് നിയമം സംബന്ധിച്ച് 22-11-1999-ൽ സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.റ്റി.യു.സി., യു.റ്റി.യു.സി., ബി.എം.എസ്. തുടങ്ങിയ കേന്ദ്ര സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. ചർച്ചകളിൽ കരട് ട്രേഡ് യൂണിയൻ ബില്ലിൽ ചില വ്യവസ്ഥകളിന്മേൽ തൊഴിലാളി സംഘടനാ പ്രതിനിധികൾ വിയോജിക്കുകയും ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് സംഘടനകളുടെ അഭിപ്രായങ്ങൾ എഴുതി അറിയിക്കുവാൻ സമയം വേണമെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. അതനുസരിച്ച് ബില്ലിനെ സംബന്ധിച്ച ഭേദഗതികളും അഭിപ്രായങ്ങളും നൽകുവാൻ വിവിധ സംഘടനകൾക്ക് അവസരം നൽകിയിരിക്കയാണ്. ഇതിനോടകം ഭാരതീയ മസ്ദൂർ സംഘ്, എ.ഐ.റ്റി.യു.സി. എന്നീ സംഘടനകൾ അവരുടെ അഭിപ്രായം രേഖപ്പെടുത്തി മറുപടി നൽകിയിട്ടുണ്ട്.

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം

27 (*357) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടുകയുണ്ടായോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിക്ക് കെ. എസ്. ഇ. ബി. തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ചെലവ് എത്ര കോടിരൂപ എന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ. എസ്. ഇ. ബി. യുടെ സീനിയർ സിവിൽ എഞ്ചിനീയർ പ്രസ്തുത പ്രോജക്ടിൽ എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പ്രോജക്ട് ഇപ്പോൾ ആർക്ക് എന്ത് തുകയ്ക്ക് എന്ത് വ്യവസ്ഥയിൽ ആണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത പണി നൽകുന്നത് സംബന്ധിച്ച ടെണ്ടർ വിളിച്ചിരുന്നോ ;

(ജി) എങ്കിൽ ഏതെല്ലാം കമ്പനികളാണ് പങ്കെടുത്തത് ; അവർ എന്തു തുകവീതമാണ് ക്വാട്ട് ചെയ്തിരുന്നത് ;

(എച്ച്) നിലവിലുള്ള കരാർ അനുസരിച്ച് ഒരു മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ എന്തു ചെലവു വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഐ) ടെണ്ടർ വിളിക്കാതെ ഉയർന്ന നിരക്കിൽ പ്രസ്തുത വർക്ക് എസ്.എൻ. സി. ലാവലിൻ കമ്പനിക്ക് നൽകിയതിനെ സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജെ) പ്രസ്തുത പരാതിയെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(കെ) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) 163 മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(സി&ഡി) പുതുക്കിയ പ്രോജക്ട് റിപ്പോർട്ടുപ്രകാരം 1996-ലെ പി. ഡബ്ല്യു. ഡി. ഷെഡ്യൂൾ പ്രകാരം 315.90 കോടി രൂപ പദ്ധതിക്ക് ചെലവ് കണക്കാക്കിയിട്ടുണ്ട്.

(ഇ) ഈ പദ്ധതിയുടെ നിർമ്മാണജോലികൾക്ക് കരാർ നൽകിയിട്ടില്ല.

(എഫ്) പദ്ധതിയുടെ നിർമ്മാണം ടേൺ കീ അടിസ്ഥാനത്തിൽ (സാമ്പത്തിക സഹായമുൾപ്പെടെ) നടത്തുന്നതിന് യോഗ്യതാ നിർണ്ണയ ടെൻഡറുകൾ വിളിച്ചിരുന്നു.

(ജി) താഴെപ്പറയുന്ന 8 കമ്പനികൾ യോഗ്യതാ നിർണ്ണയ ടെൻഡർ ഫോമുകൾ സമർപ്പിച്ചിരുന്നു.

1. മെസ്സേഴ്സ് ബാൾഫർബിയാറ്റി ലിമിറ്റഡ്, യു. കെ. (മെസ്സേഴ്സ് എഡ്സുസീൻ (ജർമ്മനി). കാനിമത്തു കോർപ്പറേഷൻ (ജപ്പാൻ) വോയ്ത്ഹൈഡ്രോ മുതലായ ഫേമുകളും കൂടി)

2. ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കോർപ്പറേഷൻ (ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് കൂടി)

LIBRARY ARCHIVES Kerala Legislative Assembly

3. ഏസ്യാ ബ്രൗൺ ബ്രോവറി ലിമിറ്റഡ്, ചെന്നൈ (എ.സി.ബി)

4. ആൽസ്തോം ഹൈഡ്രോളിക്സ് എസ്.എ., ഫ്രാൻസ് (ഗാമൻ ഇന്ത്യാ ലിമിറ്റഡ്, ബോംബെ എന്ന ഫേമും കൂടി)

5. ഇ.സി.ഐ. പവർ ആന്റ് ആഗ്രോ ലിമിറ്റഡ് (സ്കോലാ എക്സ്പോർട്ട് (ചെക്ക് റിപ്പബ്ലിക്) പൗലോസ് നെച്ചുപ്പാടം, കൊച്ചി, നാഷണൽ പ്രോജക്ട്സ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, ചെന്നൈ ഭഗീരഥ ഇലക്ട്രിക്കൽസ് ആന്റ് സ്ട്രെക്ചറൽ, കൊച്ചി. ശ്രീ. ശരവണാ എന്റർപ്രൈസസ്, മധുര മുതലായ ഫേമുകളും കൂടി)

6. വെള്ളാപ്പള്ളി ആന്റ് അസോസിയേറ്റ്സ്, കോട്ടയം.

7. ചൈന നാഷണൽ വാട്ടർ റിസോഴ്സസ് ആന്റ് ഹൈഡ്രോ പവർ എഞ്ചിനീയറിംഗ് കോർപ്പറേഷൻ, ചൈന.

(ചൈന നാഷണൽ മെഷിനറി ആന്റ് എക്യുപ്മെന്റ് ഇമ്പോർട്ട് ആന്റ് എക്സ്പോർട്ട് കോർപ്പറേഷൻ, ചൈന എന്ന ഫേമുമായി ജോയിന്റ് വെൻച്വർ ഉള്ളത്.)

8. ഹിന്ദുസ്ഥാൻ സ്റ്റീൽ കൺസ്ട്രക്ഷൻ വർക്സ്, കൊൽക്കത്ത.

ഇവയിൽ യോഗ്യരായി കണ്ട താഴെപ്പറയുന്ന കരാറുകാർക്ക് ദർഘാസുകൾ നൽകിയിട്ടുണ്ട്.

1. മെസ്സേഴ്സ് ആൽസ്തോം ഹൈഡ്രോളിക്സ് എസ്.എ.(ഫ്രാൻസ്). ഗാമൻ ഇന്ത്യാ ലിമിറ്റഡ്, ബോംബെ എന്ന ഫേമും കൂടി).

2. മെസ്സേഴ്സ് ബാൾഫർ ബിയാറ്റി ലിമിറ്റഡ്, യു.കെ.

3. മെസ്സേഴ്സ് എച്ച്. സി. സി. ലിമിറ്റഡ്, ഭാരത് ഹെവി (ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്ന ഫേമും കൂടി)

4. ചൈന നാഷണൽ വാട്ടർ റിസോഴ്സസ് ആന്റ് ഹൈഡ്രോ പവർ എഞ്ചിനീയറിംഗ് കോർപ്പറേഷൻ, ചൈന. (ചൈന നാഷണൽ മെഷിനറി ആന്റ് എക്യുപ്മെന്റ് ഇംമ്പോർട്ട് ആന്റ് എക്സ്പോർട്ട് കോർപ്പറേഷൻ, ചൈന എന്ന ഫേമും കൂടി) തുക അറിയിച്ചു കൊണ്ടുള്ള ക്വട്ടേഷൻ ഇതുവരെ ലഭിച്ചിട്ടില്ല.

(എച്ച്) കരാർ നിലവിലില്ല.

(ഐ-കെ) പ്രസക്തമല്ല.

ലേബർ ബാങ്കിന്റെ രൂപീകരണം

28 (*358) ശ്രീമതി എൻ. കെ. രാധ :
ശ്രീ. പി. വിശ്വൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly